# പ്രതികരണങ്ങൾ — 37



പ്രതികരണങ്ങൾ — 37
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Equestrian Portrait of Prince Balthasar Charles, a painting by Diego Velázquez (1599–1660). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കേസരി ബാലകൃഷ്ണപിള്ള: ശബരിമല അഥവാ ടിബറ്റും കേരളവും തമ്മിലുള്ള ബന്ധം

**ജോണി, എം. എൽ.:** വിസ്മയിപ്പിക്കുന്ന ഗവേഷണ ചാതുരിയും യുക്തിബോധവും അഭൗമമായ പ്രതിഭാവിലാസവും ചേർന്ന കേസരി മലയാളികൾക്കിടയിൽ ജീവിച്ചിരുന്നു എന്ന് വരും തലമുറകൾ വിശ്വസിച്ചില്ലെങ്കിൽ അവരെ ഈ ലേഖനങ്ങളും കൃതികളും കാണിക്കുക എന്നതേ ചെയ്യാനുള്ളൂ.

## സി. ജെ. തോമസ്: കേരളീയനൃത്തത്തിന്റെ പുരോഗതി

**കെ. സച്ചിദാനന്ദൻ:** സി. ജെ.-യുടെ ലേഖനം എഴുതപ്പെട്ടതിനു ശേഷം എൻ. വി.-യും സദനം ഹരികുമാറും മറ്റും പുതിയ ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്, ക്രിസ്തുവിനെക്കുറിച്ചുൾപ്പെടെ, അതിനായി ചമയത്തിലും പരിവർത്തനമുണ്ടായി. മുദ്രകളെ സി. ജെ. വാക്കുകളോടാണ് ഉപമിക്കുന്നത്. അവയെ കഥകളിയുടെ അക്ഷരമാലയായി കാണുകയാവും ശരി. പല രീതിയിൽ കൂട്ടിക്കലർത്തി പദകോശമുണ്ടാക്കാവുന്ന ആൽഫബെറ്റ്. അതു മാറ്റണമെന്ന വാദം പരിഹാസ്യമായേ തോന്നുന്നുള്ളൂ. ഓരോ കലയ്ക്കും ഓരോ ഭാഷയുണ്ടല്ലോ. അക്ഷരഘടനകൾ മാറ്റാതെ തന്നെ പല രൂപത്തിലെഴുതാമെന്ന് സി. ജെ. തന്നെ തന്റെ പുസ്തകക്കവർ ഡിസൈനുകളിലൂടെ കാണിച്ചിട്ടുമുണ്ടല്ലോ. കഥകളിയെ അമ്പലപ്പറമ്പുകളിൽ നിന്ന് പുറത്തു കൊണ്ടു വരണം എന്നത് ശരിയാണ്. അത് പിന്നീട് കുറെയൊക്കെ സംഭവിച്ചിട്ടുണ്ട്. കർണ്ണാടക സംഗീതം മുതൽ ജാസ് വരെയും കഥകളി മുതൽ ഫ്ലാമെങ്കോ വരെയും ഇഷ്ടപ്പെടുന്ന ഒരാളെന്ന നിലയിൽ ഇവയുടെ തനിമയും വൈവിധ്യവും നിലനിർത്തണം എന്ന യാഥാസ്ഥിതികമെന്നു തോന്നാവുന്ന അഭിപ്രായമാണെനിക്കുള്ളത്. (എനിക്ക് ആസ്വദിക്കാൻ കഴിയാത്ത ഒരു സാധനം പഴയ 'റിയലിസ്റ്റ്' നാടകങ്ങൾ മാത്രമാണ്. അതു കാണാൻ തെരുവിൽ ഇറങ്ങി നടന്നാൽ മതി. സി. ജെ. തന്നെ ആ നാടകരീതിയെ വെല്ലുവിളിച്ചവരിൽ മുൻപനാണല്ലോ. 'റിയലിസ'ത്തെക്കുറിച്ചുള്ള ആ തെറ്റിദ്ധാരണ ബ്രെഹ്റ്റ് ഉൾപ്പെടെയുള്ള റിയലിസ്റ്റുകൾ തന്നെ തിരുത്തുകയും ചെയ്തു.) കല ജനകീയമാകുന്നത് സന്ധികളിലൂടെയല്ല, ജനാഭിരുചികളുടെ പരിഷ്കരണത്തിലൂടെയാണ്. അതിന് അവസരങ്ങൾ നൽകിയാൽ മതി—കേരളത്തിലെ ലോകസിനിമാ-നാടകോത്സവങ്ങളും കൊച്ചി ബിനാലെയും പോലെ. കല ആസ്വദിക്കാൻ പാണ്ഡിത്യത്തെക്കാൾ പരിചയം ആണാവശ്യം.

**ജോണി, എം. എൽ.:** രസിച്ചു. ഹി വാസ് എ റാഡിക്കൽ തിങ്കർ.

## കെ. ജി. എസ്സ്.: ഈസ്റ്റർ: എല്ലാറ്റിന്റെയും പുതുക്കൽ

**ടി. ആർ. വേണുഗോപാലൻ:** ഉയിർത്തെഴുന്നേൽപ്പിന്റെ ദാർശനികവും സർഗ്ഗാത്മകവും സൗന്ദര്യാത്മകവും ചരിത്രപരവുമായ ലാവണ്യത്തെ ബാല്യകാലസ്മരണകളുമായി കോർത്തിണക്കി അനനുകരണീയമായ കാവ്യഭാഷയിലുള്ള കെ. ജി. എസ്സിന്റെ ഈസ്റ്റർ കാഴ്ച അതീവ ഹൃദ്യം.

**Dr. K. Aravindakshan:** Highly touching.It really enriched me. My heart goes to K G S.

**കെ. സച്ചിദാനന്ദൻ:** ഉയിർത്തെഴുന്നേൽപ്പ് ഭാഷയിലുമാകാം, ഇങ്ങിനെ പല ലോകങ്ങളും കാലങ്ങളും തുന്നിത്തുന്നിച്ചേർത്ത്.

**വസന്തൻ:** സന്തോഷ് കെ. ജി. എസ്സിനെ വരച്ചത് ലേഖനത്തോളം നന്ന്. അഭിനന്ദനങ്ങൾ രണ്ടു പേർക്കും.

**കെ. വിനോദ് ചന്ദ്രൻ:** കെ. ജി. എസ്സിന്റെ ഉയിർപ്പ് പെരുന്നാൾ ചിന്തകൾ എല്ലാത്തിനേയും പുതുക്കി. വാക്കിനെ ചിന്തയെ മൊഴിയെ ഓർമ്മയെ, ഉയിരിനെ വാഴ്വിനെ... എല്ലാം എല്ലാം. പഴയ ഭൂമിയും പഴയ ആകാശവും, പഴയ ലോകവും, പഴയ ദൈവവും, പഴയ പിശാചും, പഴയ നിയമവും, അനുനിമിഷം പഴകിക്കൊണ്ടിരിക്കുന്ന പുതിയ നിയമങ്ങളും പുതുമകളും എല്ലാം പുതുതാക്കപ്പെട്ടു. മറഞ്ഞതും മാഞ്ഞതും മരിച്ചതും ആയ, പ്രിയപ്പെട്ടതെല്ലാം ഏതെങ്കിലും ഒരു നിമിഷം തിരിച്ചു വരും എന്ന പ്രത്യാശയുടെ പുളിക്കാത്ത അപ്പം ചിന്തയുടെ കയ്പും മധുരവും നിറഞ്ഞ വീഞ്ഞു് അദ്ദേഹം ഈസ്റ്ററിന്റെ പ്രഭാതത്തിൽ തന്നെ നമുക്ക് പകർന്ന് നൽകി. അതോടൊപ്പം ഉയിർപ്പിന്റെ സുവിശേഷവും.

കടമ്പനാട്ടെ പള്ളിയും, ഫാദർ റൊസാരിയോസ് ആന്റണിയും, ഐന്ദ്രിയമായ കുട്ടിക്കാലവും തൊട്ടും മണത്തും കണ്ടും പഠിച്ച ബൈബിളും, ആത്മീയതയുടെ ആദ്യ പാഠങ്ങളും അദ്ദേഹത്തിന്റെ ഐന്ദ്രിയമായ മൊഴികളിൽ ഉയിർത്തെണീക്കുന്നു.

"മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക, അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്കുക" എന്ന 'സദൃശ വാക്യ'ങ്ങളിൽ നിന്ന് വിവേകമുൾക്കൊണ്ടു് ഉറുമ്പുകളുടെ ശിഷ്യനായി, ഓരോതരിയും അടുത്തു കണ്ടു കേട്ടു് മണത്ത് രസിച്ച കൗമാര സാധനകളിൽ നിന്നാണ് കെ. ജി. എസ്സിന്റെ കവിതകൾ ഉറുമ്പിന്റെ ധ്യാന കോശം ആർജ്ജിച്ചതെന്ന് നാം അറിയുന്നു.

സഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉയിർത്തെണീക്കലിന്റെയും നാടകീയരംഗങ്ങൾ അരങ്ങേറിയ പൗരാണിക ശൃംഗവും രണ്ടു് കള്ളൻമാർക്കു നടുവിൽ കുരിശിൽ തറയ്ക്കപ്പെട്ട നീതിയുടെ ഏകാന്തതതയും നമുക്ക് മുന്നിൽ പുനരുത്ഥാനം ചെയ്യുന്നു. മരണത്തിലൂടെ മരണത്തെ തോല്പിക്കുന്ന ഉയിർപ്പിന്റെ സഞ്ജീവന പ്രക്രിയകളും ബ്രൂഗലിന്റെയും റാഫേലിന്റെയും, റംബ്രാണ്ടിന്റെയും ചിത്ര സാക്ഷ്യങ്ങളും കെ. ജി. എസ്സിന്റെ സത്യ സൗന്ദര്യദർശിനിയിൽ പുനരുജ്ജീവനം നേടുന്നു.

നൂറു മേനിയായി വിളയുന്ന വിത്തിന്റെ ഭാഷയാണ് ഉയിർത്തെണീക്കലിന്റെ ഭാഷ എന്ന കടമ്പനാടൻ വിവേകത്തിൽ ഉയിർപ്പിന്റെ ഈ കാവ്യമീമാംസയെ അദ്ദേഹം സംഗ്രഹിക്കുന്നു. വസന്തത്തിന്റെ ഒരു വിളംബരമാക്കി ഉയിർപ്പ് പെരുന്നാളിനെ ഉർവ്വരമാക്കുന്നു. കെ. ജി. എസ്സിനും, സായാഹ്നയ്ക്കും, എല്ലാ സുഹൃത്തുക്കൾക്കും ഈസ്റ്റർ അഭിവാദ്യങ്ങൾ!.

**ദാമോദർ പ്രസാദ്:**

> "നീ പറയുന്നത് കേൾക്കാൻ വന്നവരേക്കാളേറേപ്പേർ
> നീ കുരിശേറുന്നത് കാണാൻ വന്നു.
> അതിലുമേറേപ്പേർ നിന്നെ
> മനസ്സിലണിയാൻ വന്നു.
> അതിലുമേറേപ്പേർ നിന്നെ
> സിനിമയിൽ കാണാൻ വന്നു."

(യേശുവേ നീ ഉയിർത്ത് വളർന്നത്: കെ. ജി. എസ്. കവിതകൾ, 1997–2007. )

**പ്രതാപൻ, എ.:** വാക്കുകൾ ലോകത്തെ എഴുതുകയല്ല, ലോകങ്ങളെ നിർമ്മിക്കുന്നുവെന്ന് കെ. ജി. എസ്.-ന്റെ ഈ പുതുക്കൽ സുവിശേഷത്തിന്റെ സാക്ഷ്യം. ഭാഷയിലെ എണ്ണമറ്റ വാതിലുകൾ തുറക്കുന്ന എഴുത്ത്. ചവറയിലും ശാസ്താംകോട്ടയിലും കല്ലടയാറിലും കടമ്പനാട്ടും ദേവൂന്നിലും തെളിയുന്നു ഗലേലക്കടലും ബെത്ലഹേമും യോർദ്ദാൻ നദിയും യെരുശേലമും. അകലെയല്ല വീഴ്ച്ചകളും എഴുന്നേൽപ്പുകളും. വരമ്പോരത്ത് സന്തോഷിച്ചുലയുന്ന വയൽപ്പൂക്കളായി വിരിയുന്ന വാക്കുകൾ. പ്രിയരിലേക്കും പ്രിയങ്ങളിലേക്കും പ്രിയ നാട്ടുകളിലേക്കും തിരിച്ചു വരുന്നവ. അപ്പോഴും കാലത്തിന്റെ കരിങ്കൽ ഹൃദയം പോലെ ഒരു രൂപക്കൂട്ട് അമ്മമാർക്ക് ബാക്കിയാകുന്നു.

ലംബങ്ങളിൽ നിന്ന് തിരശ്ചീനങ്ങളിലേക്ക് മാറ്റിപ്പണിതവ നമ്മുടെ കാലത്തിന്റെ കുരിശുകൾ. എഴുന്നേൽപ്പിൽ നിന്ന് കിടപ്പിലേക്ക് തന്നെ മാറുന്നു നമ്മുടെ ഉയിർപ്പുകൾ എന്ന ശങ്കയോടെ.

**അല്ലക്ക അബ്ദുൽ ഗഫൂർ:** കെ. ജി. എസ്സിന്റെ ലേഖനത്തിന് കിട്ടിയ റിവ്യൂകൾ അതി ഗംഭീരം. ഈ ഈസ്റ്റർ നാളിൽ എല്ലാവർക്കും നന്മകൾ നേരുന്നു.

## Damodar Prasad: E. P. Unny’s Lock Down Cartoons: Piercing through infectious reality, Testing the Asymptomatic Politics

**Babu Mather**: Brilliant cartoons by E. P. Unny… humorous and thought provoking.

**K. Satchidanandan**: It was good to see Unny’s lock-down cartoons in one place with an insightful essay that links them together and examines their politics. It also proves Sayahna needs an editor who knows basic English if it has plans to publish more such pieces.

**Johny, M. L.**: Nicely articulated. Congrats.

## മധുസൂദനൻ: സാഞ്ചി

**Johny, M. L.**: Beautifully written.

(മാർച്ച് 21 മുതൽ ഏപ്രിൽ 10 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.